പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1711 16-10-2026-ൽ മറുപടിയ്ക്ക്

പൊതുമേഖലയിലെ ബോട്ട് സർവീസുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് പൊതുമേഖലയിൽ ജലഗതാഗതവകുപ്പിന്റെ ബോട്ട് സർവീസുകൾ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്തെ പ്രധാന ടൂറിസം മേഖലകളെ ബന്ധിപ്പിച്ച് ആധുനികവും, സുരക്ഷിതവുമായ ബോട്ടുകൾ നിർമ്മിച്ച് നിലവിലെ പാസ്സഞ്ചർ ബോട്ട് / ടൂറിസം ബോട്ട് സർവ്വീസുകൾ കൂടുതൽ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ട് . കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവ്, എറണാകുളം ജില്ലയിലെ കടമക്കുടി, കോട്ടയം ജില്ലയിലെ പാലായിക്കരി ഫിഷ് ഫാം, ആലപ്പുഴ ജില്ലയിലെ പാതിരാമണൽ ദ്വീപ്, കൊല്ലം ജില്ലയിലെ സാമ്പ്രാണിക്കൊടി, തിരുവനന്തപുരം ജില്ലയിലെ വേളി കഠിനംകുളം എന്നിവിടങ്ങളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് നിലവിൽ ടൂറിസം സർവ്വീസ് നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ മറ്റു ജില്ലകളിലേക്കും ടൂറിസം സർവ്വീസുകൾ വിപുലീകരിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) യാത്രാബോട്ടുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; സംസ്ഥാനത്തെ പ്രധാന ജലപാതകളിൽ ഡ്രഡ്ജിങ് നടത്താത്തതിനാൽ ബോട്ട് സർവീസുകൾ തടസ്സപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കേരള മാരിടൈം ബോർഡ് മുഖേന ലൈസൻസ് ലഭ്യമായിട്ടുള്ള ജീവനക്കാരെ ഉപയോഗിച്ചാണ് സംസ്ഥാന ജലഗതാഗത വകുപ്പ് ബോട്ട് / ടൂറിസം സർവ്വീസുകൾ നടത്തി വരുന്നത്. ബോട്ടിന്റെ പാസ്സഞ്ചർ കപ്പാസിറ്റിക്ക് അനുസൃതമായി യാത്രക്കാരുടെ സുരക്ഷയ്ക്കായി ആവശ്യമായ ലൈഫ്ജാക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ സുരക്ഷാ ഉപകരണങ്ങളും ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പ് വക ബോട്ടുകളിലെ യാത്രക്കാർക്ക് സുരക്ഷാ സംബന്ധമായ ബോധവൽക്കരണം നടത്തുന്നതിനും, പ്രതികൂല കാലാവസ്ഥയിൽ സുരക്ഷിതമായി ബോട്ട്സർവ്വീസുകൾ നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ബോട്ടുകളിലെ ക്രൂ വിഭാഗത്തിനു നൽകിയിട്ടുണ്ട് ടി കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിന് സ്റ്റേഷൻ മാസ്റ്റർമാർ, ചെക്കിംഗ് സ്റ്റാഫുകൾ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡ്രഡ്ജിംഗ് നടത്താത്തത് മൂലം വകുപ്പിന്റെ എറണാകുളം -

മട്ടാഞ്ചേരി, ആയിറ്റി - കോട്ടപ്പുറം എന്നീ സർവ്വീസുകൾ പൂർണ്ണമായും നിർത്തി വച്ചിരിക്കുകയാണ്. വേലിയിറക്ക സമയങ്ങളിൽ സർവ്വീസ് നടത്തുന്നതിനാവശ്യമായ ആഴം ഇല്ലാത്തതിനാൽ പാണാവള്ളി, പെരുമ്പളം, ഇറപ്പുഴ, സൗത്ത് പറവൂർ റൂട്ടുകളിൽ സർവ്വീസ് മുടങ്ങുന്ന സാഹചര്യവും കൂടാതെ എറണാകുളം വരാപ്പുഴ ബോട്ട് റൂട്ടിലെ പിഴല, പാലിയംതുരുത്ത് എന്നീ ബോട്ട ജെട്ടികളിൽ ഡ്രെഡ്ജിംഗ് നടത്താത്തതിനാൽ ബോട്ടുകൾ അടുപ്പിക്കുവാനും സാധിക്കുന്നില്ല.

(സി) ജലഗതാഗത മേഖലയിലെ പഴയ ബോട്ടുകൾക്ക് പകരം വൈദ്യുതി, സൗരോർജം തുടങ്ങിയ പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്ന ബോട്ടുകൾ ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> ഉണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കാലപ്പഴക്കം ചെന്ന ബോട്ടുകൾ ഘട്ടംഘട്ടമായി സർവ്വീസിൽ നിന്നും ഒഴിവാക്കി പകരമായി അത്യാധുനിക സൗരോർജ്ജ ബോട്ടുകൾ നിർമ്മിച്ച് പരിസ്ഥിതി സൗഹൃദ സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 17 സൗരോർജ്ജ ബോട്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 8 സൗരോർജ്ജ ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ആയതിന്റെ ഭാഗമായി കൂടുതൽ ചാർജ്ജിംഗ് പോയിന്റുകൾ വിവിധ സ്റ്റേഷനുകളിൽ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ